(ബി) അംഗീകരിച്ച അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ നാഷണൽ ഹൈവേ അതോറിറ്റി തയ്യാറല്ല. എന്നാൽ അലൈൻമെന്റിൽ ഉൾപ്പെട്ട സംരക്ഷിക്കപ്പെടേണ്ട സ്മാരകങ്ങളും ആരാധനാലയങ്ങളും മറ്റും വരുന്ന ഘട്ടത്തിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിശോധിക്കുവാൻ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 94/2014/ പി.ഡബ്യു.ഡി. തീയതി 25-10-2014 പ്രകാരം ദേശീയപാത വികസനം 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ തന്നെ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 1956-ലെ NH Act-ലെ വ്യവസ്ഥകൾ അനുസരിച്ച് CALA (Competent Authority for Land Acquisition) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. എന്നിരുന്നാലും നഷ്ടപരിഹാരം നിർണ്ണയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ R&R പാക്കേജിലെ വ്യവസ്ഥകൾകൂടി പരിഗണിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പേരാവൂർ നിയോജക മണ്ഡലത്തിലെ കേളൻപീടിക-മട്ടിണി- നിരങ്ങംചിറ്റ-വള്ളിത്തോട് റോഡ്

358 (1416) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ കേളൻപീടിക-മട്ടിണി-നിരങ്ങംചിറ്റ-വള്ളിത്തോട് റോഡിന്റെ പ്രവൃത്തി തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗ തീരുമാനങ്ങൾ എന്തെല്ലാമാണ്; ഇതനുസരിച്ച് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം; റോഡ് പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുന്നതിനാൽ ഉയർന്നിട്ടുള്ള പ്രതിഷേധങ്ങളും സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് പ്രവൃത്തി കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഇതുസംബന്ധിച്ച് 24-6-2013-ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ measurement എടുക്കുന്നതിനും ബാക്കിയുള്ള പ്രവൃത്തിക്ക് 2012 SOR നിരക്ക് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു. ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. റോഡുപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതിനാൽ ഉയർന്നിട്ടുള്ള പ്രതിഷേധങ്ങളും സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly